സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 24.11.2023

നമ്പർ. C1/49159/23/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - അക്കാഡമിക് (എ ) സെക്ഷൻ - വകുപ്പിൻ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്റ്റാൻഡർഡൈസേഷൻ ക്ലബ്ബുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച്-

സൂചന :- 1) 18.11.2023 ലെ ഇഎ 2 സെക്ഷനിൽ നിന്നുള്ള ഇ എ 2/47324/23/ഡി റ്റി ഇ നമ്പർ കത്ത്.
2 ) 07.11.2023 ലെ സർക്കാരിൽ നിന്നുള്ള കെ 1/83/2023/എച്ച് ഇ ഡി എൻ നമ്പർ കത്ത് .

മേൽ സൂചന കത്തുകളിൽ പരമാർശിച്ചിട്ടുള്ള പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള ടെക്ക്നിക്കൽ ഹൈസ്കൂളുകളിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൻറെ ഭാഗമായി , അധ്യാപകരും വിദ്യാർഥികളും അംഗങ്ങളായുള്ള സ്റ്റാൻഡർഡൈസേഷൻ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നിർദേശം നൽകിയിരിക്കുന്നു.

സ്റ്റാൻഡർഡൈസേഷൻ ക്ലബ്ബുകളുടെ രൂപീകരണം , പ്രവർത്തനം എന്നിവ BIS ( ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് ) ന്റെ നിർദേശങ്ങൾക്ക് വിധേയമായി നടത്തപ്പെടുന്നു. വിദ്യാർഥികൾക്കു പ്രചോദനമായ നിരവധി പഠനപ്രവർത്തനങ്ങൾ - ഇൻഡസ്ട്രിയൽ വിസിറ്റ് , എഴുത്തു മത്സരങ്ങൾ , ടെക്നിക്കൽ വർക്ക് ഷോപ്പുകൾ തുടങ്ങിയവ - ക്ലബ്ബിന്റെ ഭാഗമായി നടത്തപ്പെടുന്നു . സ്കൂളുകളിലും കോളേജുകളിലും സ്റ്റാൻഡേർഡ് ക്ലബ്ബുകൾ നടത്തുന്ന മികച്ച പ്രവർത്തനങ്ങൾക്ക് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർട്സ് ( BIS ) സാമ്പത്തിക സഹായം ചെയ്യുന്നു. കൂടാതെ ഗവ. സ്കൂളുകളിൽ സയൻസ് ലാബുകളിലേക്ക് ആവശ്യമായ ലാബ് ഉപകരണങ്ങൾ എത്തിക്കുന്നു. സ്റ്റാൻഡേർഡ് ക്ലബ്ബുകളിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച്, ക്ലബ്ബിന്റെ മെന്റർമാരായി തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർക്ക് രണ്ടു ദിവസത്തെ ട്രെയിനിങ് പ്രോഗ്രാം BIS നല്കുന്നതാണ്. ആയതിനാൽ സ്റ്റാൻഡർഡൈസേഷൻ ക്ലബ്ബുകളുടെ പ്രാധാന്യം കണക്കിലെടുത്ത് എത്രയും വേഗം ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നറിയിക്കുന്നു.

ഡോ. രാമചന്ദ്രൻ എം
SJD(PS) and Controller of Technical Examinations

സ്വീകർത്താവ്
1. എല്ലാ ഗവ. ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരും .

**Approval Valid**

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 24.11.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #1 of File C1/49159/23/DTE Approved by SJD(PS) and Controller of Technical Examinations on 24-Nov-2023 12:59 PM - Page 1